**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 267** **04-10-2021 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് കെട്ടിട ഉടമ നൽകുന്ന എഗ്രിമെന്റ് ഇല്ലെങ്കിലും റേഷൻ കാർഡ് അനുവദിക്കും എന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം ആധാർകാർഡ് പരിശോധിച്ച് മറ്റേതെങ്കിലും റേഷൻകാർഡിൽ പേര് ഇല്ലെന്ന് ഉറപ്പ വരുത്തി പുതിയ റേഷൻകാർഡ് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; | (ബി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും. |
| (സി) | ഇല്ലെങ്കിൽ ഉത്തരവ് ഇറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണം - വാടകവീടുകളിൽ താമസിക്കുന്നവർക്ക്, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 389/2021/ഭ.പൊ.വി.വ തീയതി,തിരുവനന്തപുരം, 01/10/2021**

===========================================================================

പരാമർശം : - 07.09.2021 ലെ പൊതുവിതരണ ഡയറക്ടറുടെ (സി.എസ്)എ 6-1365/2021 നമ്പർ കത്ത്.

**ഉത്തരവ്**

വാടകവീടുകളിൽ താമസിക്കുന്ന റേഷൻകാർഡില്ലാത്ത കുടുംബങ്ങൾക്ക്, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സാധുവായ വാടകക്കരാറിന്റെയോ കെട്ടിട ഉടമയുടെ സമ്മതപത്രത്തിന്റെയോ അടിസ്ഥാനത്തിലാണ് നിലവിൽ റേഷൻകാർഡ് അനുവദിച്ചു വരുന്നത്. എന്നാൽ പ്രസ്തുത വാടകവീട്ടിൽ മറ്റൊരു റേഷൻകാർഡ് നിലനിൽക്കുന്നതിനാലോ കെട്ടിട ഉടമയുടെ സമ്മതപത്രം ലഭിക്കാത്തതിന്റെ പേരിലോ റേഷൻകാർഡ് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ, സാധുവായ വാടകക്കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയംസാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന സമർപ്പിക്കുന്നവർക്ക് റേഷൻകാർഡ് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശപ്രകാരം പൊതുവിതരണ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് വാടകവീടുകളിൽ താമസിക്കുന്നവർക്കും റേഷൻകാർഡ് അനുവദിച്ച് റേഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനായി, സാധുവായ വാടകക്കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയംസാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പരിഗണിച്ച്, അപേക്ഷകന്റെയും കാർഡിൽ ഉൾപ്പെടുന്ന മറ്റ് അംഗങ്ങളുടെയും

ആധാർകാർഡ് പരിശോധന നടത്തി നിലവിൽ മറ്റൊരു റേഷൻകാർഡിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം റേഷൻകാർഡ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇപ്രകാരം അനുവദിക്കുന്ന റേഷൻകാർഡ്, റേഷൻ ആനുകൂല്യങ്ങൾക്കല്ലാതെ തിരിച്ചറിയൽ രേഖയായോ മറ്റ് ആനുകൂല്യങ്ങൾക്കായോ അവകാശവാദങ്ങൾക്കുള്ള രേഖയായോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൾ മജീദ് കക്കോട്ടിൽ**
**അഡീഷണൽ സെക്രട്ടറി**

1. പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം
3. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ